milma

# എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ ക്ലിപ്തം ഇ 150(ഡി)

## പി.ബി.നം.2212, ഇടപ്പള്ളി, കൊച്ചി - 682 024.

ഇയു:പി - ഐ: 5:പിആർസി:2025: 31.01.2025

## സർക്കുലർ

വിഷയം: സംഘങ്ങൾക്ക് പാൽ വില ഇൻസെൻറീവ് നൽകുന്ന നിരക്കിൽ വർദ്ധനവ് വരുത്തി തുടരുന്നത് സംബന്ധിച്ച്.

സൂചന : എറണാകുളം മേഖലാ യൂണിയൻ ഭരണസമിതിയുടെ 31.01.2025 ലെ തീരുമാനം.

.....

മേഖലാ യൂണിയൻ ഭരണസമിതിയുടെ തീരുമാനപ്രകാരം ക്ഷീരകർഷകർക്ക് ഒരു പ്രോത്സാഹനമെന്ന നിലയിൽ, 2024 ആഗസ്റ്റ് മാസം 11-ാം തീയതി മുതൽ 2025 ജനുവരി 31-ാം തീയതി വരെ പാൽ വില ഇൻസെൻറീവ് നൽകുന്നതിന് തീരുമാനിച്ചിരുന്നു. ആയതു പ്രകാരം സംഘം യൂണിയന് നൽകുന്ന പാലിന് ലിറ്ററിന് 5 രൂപ വച്ച് കർഷകർക്കും, ലിറ്ററിന് 4 രൂപ നിരക്കിൽ പ്രത്യേക ഇൻസെന്റീവ് ആപ്കോ സംഘങ്ങൾക്കും , കൂടാതെ ലിറ്ററിന് 1 രൂപ നിരക്കിൽ യൂണിയന്റെ ഓഹരിയിലേക്ക് വകയിരുത്തി അംഗസംഘങ്ങൾക്കും പാൽവില ഇൻസെന്റീവ് നൽകി വരികയാണ്.

നിലവിലെ യൂണിയന്റെ പ്രവർത്തന ലാഭം പരിഗണിച്ച് മേഖലാ യൂണിയൻ ഭരണസമിതിയുടെ 31.01.2025 ലെ തീരുമാന പ്രകാരം 2025 ഫെബ്രുവരി 1-ാം തീയതി മുതൽ മാർച്ച് 31-ാം തീയതി വരെ ടി ഇൻസെൻറീവ് നിരക്കിൽ വർദ്ധനവ് വരുത്തിയ വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു.

ആയതുപ്രകാരം 2025 ഫെബ്രുവരി 1-ാം തീയതി മുതൽ മാർച്ച് 31-ാം തീയതി വരെ മേഖലാ യൂണിയന് പാൽ നൽകുന്ന

1. എല്ലാ സംഘങ്ങൾക്കും, കർഷകർക്ക് നൽകുന്നതിനായി അവർ യൂണിയന് നൽകുന്ന പാലിന് ലിറ്ററിന് 8 രൂപ വച്ച് പാൽവില ഇൻസെന്റീവ് നൽകുന്നതാണ്. ടി തുക പാൽവിലയായി കർഷകർക്ക് നൽകേണ്ടതും ബന്ധപ്പെട്ട രേഖകൾ സംഘം തലത്തിൽ സൂക്ഷിയ്ക്കേണ്ടതുമാണ്.

2. എല്ലാ ആപ്കോസംഘങ്ങൾക്കും, അവർ യൂണിയന് നൽകുന്ന പാലിന് ലിറ്ററിന് 8 രൂപയ്ക്ക് പുറമെ 6 രൂപ നിരക്കിൽ പ്രത്യേക ഇൻസന്റീവ് നൽകുന്നതാണ്. ടി തുകസംഘത്തിൻെറ ദൈനംദിന ചെലവുകൾക്കും, ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കുമായി ഉപയോഗിക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ സംഘം തലത്തിൽ സൂക്ഷിയ്ക്കേണ്ടതുമാണ്.

3. അംഗസംഘങ്ങൾക്ക് അവർ യൂണിയന് നൽകുന്ന പാലിന് ലിറ്ററിന് 14 രൂപയ്ക്ക് പുറമെ, 1 രൂപ നിരക്കിൽ അവരുടെ യൂണിയൻ ഓഹരി മൂലധനത്തിലേയ്ക്ക് വകയിരുത്തി നൽകുന്നതാണ്.

മാനേജിംഗ് ഡയറക്ടർ

എല്ലാ ക്ഷീര സംഘങ്ങൾക്കും

ചെയർമാന്റെ അറിവിലേയ്ക്കായി

പകർപ്പ്: എല്ലാ ഭരണസമിതി അംഗങ്ങൾക്കും

എല്ലാ ഡെയറി മാനേജർമാർക്കും - അറിവിനും അനന്തര നടപടികൾക്കുമായി

എല്ലാ പിആന്റ് ഐ യൂണിറ്റുകൾക്കും

സീനിയർ മാനേജർ(പ്രൊഡക്ഷൻ), മാർക്കറ്റിംഗ് ഹെഡ്,

അസി.മാനേജർ (എഫ് ആന്റ് എ)/ അസി.മാനേജർ (പ്രൊജക്റ്റ്/എഞ്ചിനീയറിംഗ്)

സെക്ഷൻ ഹെഡ് (എം.ഐ.എസ്)

പി എ ടു എം.ഡി, ഹെഡ് ഓഫീസ്

എം.എഫ്/ഒ.സി